പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3035 **29-10-2026-ൽ മറുപടിയ്ക്ക്**

നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സർക്കാരിൽ നിന്നും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നൽകുന്ന വ്യക്തവും ചട്ടപ്രകാരവുമുള്ള ഉത്തരവുകൾ നടപ്പിലാക്കാതെ വീണ്ടും സ്പഷ്ടീകരണം ആവശ്യപ്പെട്ട എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.ഇ., ആർ.ഡി.ഡി. തലങ്ങളിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പ് തല നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: സർക്കാരിൽ നിന്നും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നൽകുന്ന വ്യക്തവും, ചട്ടപ്രകാരവുമുള്ള ഉത്തരവുകൾ നടപ്പിലാക്കാതെ വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മനഃപൂർവ്വം കാലതാമസം വരുത്തി എന്ന് അന്വേഷണത്തിൽ ബോധ്യപ്പെടുന്നപക്ഷം നിയമാനുസൃത നടപടി സ്വീകരിക്കാറുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ കുരിക്കഴി എ.എം.യു.പി.എസ്. ലെ എൽ. പി. എസ്. ടി.ആയ ജിനി പോളിനെ എച്ച്.ടി.വി. തസ്തികയിൽ നിന്നും മാറ്റി എൽ.പി.എസ്.ടി. തസ്തികയിൽ മുൻകാല പ്രാബല്യത്തോടെ കൂടി നിയമനം നൽകി ശമ്പളവും മറ്റു അനുകൂല്യങ്ങളും നൽകണമെന്ന് പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 11.10.2026 തീയതിയിലെ n0.15766/E3/DGE നമ്പർ ഉത്തരവ് വലപ്പാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടും നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

മറുപടി: പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 11/10/2026 തീയതിയിലെ ഇ3/15766/2026/ഡിജിഇ നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ശ്രീമതി ജിനി പോളിന് ശമ്പള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു പ്രധാനാധ്യാപികയ്ക്ക് 14/10/2026-ൽ വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആറ് മാസത്തിലധികമായി ശ്രീമതി ജിനി പോളിന്റെ (PEN 735566) ശമ്പളബില്ലുകളൊന്നും സ്പാർക്ക് സോഫ്റ്റ്വെയറിൽ പ്രോസസ്സ് ചെയ്യാതിരുന്നതിനാൽ ശ്രീമതി ജിനി പോളിന്റെ സ്പാർക്ക് അക്കൗണ്ട് (PEN 735566) ലോക്ക് ആയിപ്പോയിരുന്നു. ഇതിനെത്തുടർന്ന് ടി അക്കൗണ്ട് അൺലോക്ക് ചെയ്യുന്നതിനായി പ്രൊപ്പോസൽ സർക്കാരിൽ 26.10.2026-ന് ലഭ്യമാക്കുകയും തുടർന്ന് ടി പ്രശ്നം 27.10.2026-ന് പരിഹരിക്കുകയുണ്ടായി. ശ്രീമതി.ജിനിപോളിന് നിയമാനുസൃതമായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ

ഡയറക്ടർക്കും, വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും 28.10.2026-ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് മനഃപൂർവ്വമായ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

മറുപടി: പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ 11/10/2026 തീയതിയിലെ ഇ3/15766/2026/ഡിജിഇ നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ശ്രീമതി ജിനി പോളിന് ശമ്പള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു പ്രധാനാധ്യാപികയ്ക്ക് 14/10/2026-ൽ വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആറ് മാസത്തിലധികമായി ശ്രീമതി ജിനി പോളിന്റെ (PEN 735566) ശമ്പളബില്ലുകളൊന്നും സ്പാർക്ക് സോഫ്റ്റ്വെയറിൽ പ്രോസസ്സ് ചെയ്യാതിരുന്നതിനാൽ ശ്രീമതി ജിനി പോളിന്റെ സ്പാർക്ക് അക്കൗണ്ട് (PEN 735566) ലോക്ക് ആയിപ്പോയിരുന്നു. ഇതിനെത്തുടർന്ന് ടി അക്കൗണ്ട് അൺലോക്ക് ചെയ്യുന്നതിനായി പ്രൊപ്പോസൽ സർക്കാരിൽ 26.10.2026-ന് ലഭ്യമാക്കുകയും തുടർന്ന് ടി പ്രശനം 27.10.2026-ന് പരിഹരിക്കുകയുണ്ടായി. ശ്രീമതി.ജിനിപോളിന് നിയമാനുസൃതമായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും, വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും 28.10.2026-ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് മനഃപൂർവ്വമായ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ